# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## <u>നടപടികൾ</u>

വിഷയം : ജയിൽ ആസ്ഥാനകാര്യാലയം - അക്കൗണ്ട്സ് വിഭാഗം - ജയിലുകളിലെ ഭക്ഷ്യ നിർമ്മാണ യൂണിറ്റ്, കാർഷിക യൂണിറ്റ് മറ്റ് വിപണന മേഖലകൾ എന്നിവയിലെ വരുമാനം കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനായി ഒരു സോഫ്റ്റ് വെയർ ഡെവലപ്പ് ചെയ്യുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു

പരാമർശം : 1. വകുപ്പ് അദ്ധ്യക്ഷൻറെ വാക്കാലുള്ള നിർദ്ദേശം.
2. 15-06-2023 തീയതയിലെ ഇതേ നമ്പർ അനൗദ്യോഗിക കുറിപ്പ്..
3. 24-06-2023 തീയതയിലെ No:TC1-20260/2023/PrHQ നമ്പർ ടെക്കിനിക്കൽ സെല്ലിൽ നിന്നുംമുള്ള അനൗദ്യോഗിക കുറിപ്പ്..

**<u>ഉത്തരവ് നമ്പർ. A3-16274/2023/PrHQ; തീയതി : 02-08-2023</u>**

ജയിലുകളിലെ ഭക്ഷ്യ നിർമ്മാണ യൂണിറ്റ്, കാർഷിക യൂണിറ്റ് മറ്റ് വിപണന മേഖലകൾ എന്നിവയിലെ വരുമാനം കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനായി ഒരു സോഫ്റ്റ് വെയർ ഡെവലപ്പ് ചെയ്യുന്നതിനായി വകുപ്പ് അദ്ധ്യക്ഷൻ നിർദ്ദേശിച്ചിരുന്നു . ആയത് നിർമ്മിക്കുന്നതിന് ജയിൽ ആസ്ഥാനകാര്യാലയം ടെക്ക്നിക്കൽ സെല്ലിൽ പരാമർശം 2 പ്രകാരം നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ , എന്തെല്ലാം വിവരങ്ങൾ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തണമെന്ന വിവരം അറിയിക്കുന്നതിന് ടെക്ക്നിക്കൽ സെല്ലിൽ നിന്നു പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

പ്രസ്തുത പ്രവർത്തികൾ ക്രോഡീകരിച്ച് സോഫ്റ്റ് വെയർ ഡെവലപ്പ് ചെയ്യുന്നതിനായി, ജയിൽ ആസ്ഥാനകാര്യാലായം ഡി. ഐ. ജി യുടെ നേതൃത്വത്തിൽ, അക്കൗണ്ട്സ് ഓഫീസർ, സീനിയർ സൂപ്രണ്ട് (അക്കൗണ്ട്സ് സെക്ഷൻ), കർഷികം, വിവിധ നിർമ്മാണ, വിപണന യൂണിറ്റുകൾ പ്രവർത്തിക്കുന്ന മുന്ന് സെൻട്രൽ ജയിലുകളിലേയും, ചീമേനി, നെട്ടുക്കാൽത്തേരി തുന്ന ജയിലുകളിലെ ബന്ധപ്പെട്ട ചാർജ്ജ് വഹിക്കുന്ന ജോയിന്റ് സൂപ്രണ്ട്, തിരുവനന്തപുരം സെൻട്രൽ ജയിലിലെ മാനുഫാക്ടറി സ്റ്റോർക്കീപ്പർ, എ3 സീറ്റിലെ ക്ലർക്ക്, ടെക്ക്നിക്കൽ സെല്ലിൽ നിന്നുള്ള ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ വേണ്ടി

സ്വീകർത്താവ്: സൂപ്രണ്ട്
സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോം,
തിരുവനന്തപുരം/വിയ്യൂർ/കണ്ണൂർ
ഓപ്പൺ പ്രിസൺ ആന്റ് കറക്ഷണൽ ഹോം,നെട്ടുക്കാൽത്തേരി/ചീമേനി

പകർപ്പ് : 1. ഡി. ഐ. ജി. (HQ)/ അക്കൗണ്ട്സ് ഓഫീസർ/ടെക്കിനിക്കൽ സെൽ/സീനിയർ സൂപ്രണ്ട്( അക്കൗണ്ട്സ് സെക്ഷൻ)/എ3 സീറ്റ്
2. സൂപ്രണ്ട് മുഖേന (ജോയിന്റ് സൂപ്രണ്ട് സെൻട്രൽ ജയിലുകളിലേയും, ചീമേനി, നെട്ടുക്കാൽത്തേരി തുറന്ന ജയിലിൽ കർഷികം, വിവിധ നിർമ്മാണ, വിപണന യൂണിറ്റുകളിൽ ചുമതല വിഹിക്കുന്ന)
3. സൂപ്രണ്ട് മുഖേന (മാന്യൂഫാക്ചറി സ്റ്റോർക്കീപ്പർ, സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോം, തിരുവനന്തപുരം)
4. കരുതൽ ഫയൽ